## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3131 — 3/4/2013 - ൽ മറുപടിയ്ക്ക്

### കുരുമുളകിന്റെയും ഏലത്തിന്റെയും വിലയിടിവ് നേരിടുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. രാജു എബ്രഹാം<br>,, എസ്. രാജേന്ദ്രൻ<br>,, കെ. കെ. ജയചന്ദ്രൻ<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ | | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കുരുമുളകിന്റെയും ഏലത്തിന്റെയും വിലയിടിവു മൂലം മലയോര മേഖലയിലെ ചെറുകിട കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) വിലയിടിവിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | വരൾച്ച, വർദ്ധിച്ച ഉല്പാദച്ചെലവ് എന്നിവ വിലയിടിവിന് കാരണമായിട്ടുണ്ട്. കൂടാതെ കർണ്ണാടക പോലുള്ള സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് കുരുമുളക് കൊണ്ട് വരുന്നതും വിലകുറയാൻ കാരണമായിട്ടുണ്ട്. |
| (സി) വിലയിടിവ് നേരിടുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>(ഡി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (സി) & (ഡി) | വിലയിടിവ് നേരിടുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് മുഖേന കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതിനു പുറമെ സ്പൈസസ് ബോർഡും സുഗന്ധവ്യഞ്ജനങ്ങളുടെ വിലസ്ഥിരതയ്ക്ക് വേണ്ടി പ്രവർത്തിക്കുന്നുണ്ട്. |

കുരുമുളക്, കൊക്കോ, കാപ്പി, അടയ്ക്കാ, ഇഞ്ചി, വാനില, ഏലം എന്നീ വിളകളെയാണ് കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതിയിലുൾപ്പെടുത്തി സഹായധനം നൽകുന്നത്. ആഗോള സാമ്പത്തിക മാന്ദ്യം മൂലം കാർഷിക മേഖലയിലുണ്ടാകുന്ന ദോഷവശങ്ങളിൽ നിന്നും കർഷകരെ രക്ഷിക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പദ്ധതിയുടെ കോർപ്പസ് ഫണ്ടായി 1000 ലക്ഷം രൂപ കൃഷി ഡയറക്ടറുടെ റ്റി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

ഓരോ വിളകളുടെയും വാർഷിക പ്രൈസ് സ്പെക്ട്രം ബാന്റ് നിശ്ചയിച്ചതിനു ശേഷം നെഗറ്റീവ് പ്രൈസ് ഫ്ളക്ച്വേഷൻ അന്താരാഷ്ട്ര സാമ്പത്തിക മാന്ദ്യത്തിന്റെ ഭാഗമായി കാണുന്നെങ്കിൽ പദ്ധതി ആനുകൂല്യത്തിന് പരിഗണിക്കുന്നു. സഹായം നൽകേണ്ട വിളയുടെ കഴിഞ്ഞ 3 വർഷത്തെ ശരാശരി ഉല്പാദനത്തെ ആസ്പദമാക്കിയാണ് സാമ്പത്തിക സഹായത്തിന്റെ തോത് നിശ്ചയിക്കുന്നത്. 2012 ജനുവരി - ഫെബ്രുവരി മാസത്തിൽ ഇഞ്ചികൃഷിക്കുണ്ടായ വിലയിടിവ് മൂലം ദുരിതമനുഭവിക്കേണ്ടി വന്ന കർഷകർക്ക് ധനസഹായമായി ഹെക്ടറിന് 25000 രൂപ നിരക്കിൽ അനുവദിക്കുകയും 723 ലക്ഷം രൂപ കൊല്ലം, പത്തനംതിട്ട, മലപ്പുറം, ഇടുക്കി, കോഴിക്കോട്, വയനാട്, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലായി

വിതരണം നടത്തുകയും ചെയ്തു. 2011-12 ൽ ഏലത്തിന്റെ വിലസ്ഥിരത ഫണ്ട് രൂപീകരിക്കുന്നതിനായി 1 കോടി രൂപ കൃഷി ഡയറക്ടറുടെ റ്റി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ